# കേരളസർവകലാശാല

നം.പി.ആർ.257/2020

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2020
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.
### നാലാം ഘട്ട കൗൺസിലിങ് ഡിസംബർ 29 മുതൽ 31 വരെ.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള നാലാം ഘട്ട കൗൺസിലിങ് ഡിസംബർ 29 മുതൽ 31 വരെ നടത്തുന്നു. **കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 201 മുതൽ ഉള്ളവരാണ് ഈ ഘട്ടത്തിൽ കൗൺസിലിങ്ങിനായി ഹാജരാകേണ്ടത്**. ആദ്യ 3 ഘട്ട കൗൺസിലിങ്ങുകളിൽ കോളേജിൽ ഹാജരാകാത്തവർക്ക് വീണ്ടും അവസരം നൽകുന്നതല്ല. എന്നാൽ ആദ്യ 3 ഘട്ടങ്ങളിൽ കോളേജിൽ ഹാജരായിട്ടും സീറ്റുകൾ നികന്നതിനാൽ അഡ്മിഷൻ ലഭിക്കാതെ പോയവർക്ക് മൂന്നാം ഘട്ട കൗൺസിലിങ്ങിൽ സീറ്റ് ഒഴിവ് ഉണ്ടെങ്കിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഹാജരാകുന്ന പക്ഷം അവരെ പരിഗണിച്ച ശേഷം മാത്രമായിരിക്കും റാങ്ക് 201 മുതൽ ഉള്ളവരെ പരിഗണിക്കുന്നത്. കോളേജുകളിലെ ഓരോ കോഴ്സുകളുടെയും കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഒഴിവുകൾ മനസിലാക്കിയ ശേഷം മാത്രം കൗൺസിലിങ്ങിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക. ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിങ്ങിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഓരോ കോഴ്സുകളുടെയും വിശദമായ കൗൺസിലിങ് ഷെഡ്യൂൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.
എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ് / പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർഥി നേരിട്ട് എത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. Temporary (താത്കാലിക) അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.
## കൗൺസിലിങ് ജനുവരി 4 മുതൽ 7 വരെ.

ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. **ജനുവരി 4 മുതൽ 7 വരെയാണ് കോളേജ് പ്രവേശനം (കൗൺസിലിങ്).** റാങ്ക് ലിസ്റ്റിൽ ഓരോ വിദ്യാർഥിയുടെയും പേരിനു നേർക്ക് കോളേജിൽ കൗൺസിലിംഗിനായി ഹാജരാകേണ്ട തീയതിയും സമയവും നൽകിയിട്ടുണ്ട്. ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിങ്ങിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഓരോ കോഴ്സുകളുടെയും വിശദമായ കൗൺസിലിങ് ഷെഡ്യൂൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.
എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ് / പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർഥി നേരിട്ട് എത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. **Temporary (താത്കാലിക) അഡ്മിഷൻ കമ്മ്യൂണിറ്റി**

ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

## പരീക്ഷ കേന്ദ്രം

2021 ജനുവരി 4 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം,ബി.എ (വിദൂര വിദ്യാഭ്യാസം– 2019 അഡ്മിഷൻ, സപ്ലിമെന്ററി– 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെസപ്ലിമെന്ററി പരീക്ഷാർത്ഥികളുടെ പരീക്ഷാകേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്. കഴിഞ്ഞ തവണ ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം, എസ്.എൻ.കോളേജ്, കൊല്ലം, സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല എന്നിവ പരീക്ഷാ കേന്ദ്രങ്ങളായുള്ള പരീക്ഷാർത്ഥികൾ ഇത്തവണ യഥാക്രമം എം.ജി.കോളേജ്, തിരുവനന്തപുരം, യു.ഐ.ടി. മുളങ്കാടകം, കൊല്ലം, യു.ഐ.ടി ആലപ്പുഴ എന്നിവിടങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷ തീയതി

4–12–2020, 18–12–2020, 21–12–2020, 23–12–2020 എന്നീ തീയതികളിൽ നടക്കേണ്ടിയിരിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ /ബി.എസ്.സി, ബി.കോം/ സി.ബി.സി.എസ്.എസ് /സി.അർ പരീക്ഷകൾ യഥാക്രമം 4–1–2021, 6–1–2021, 8–1–2021, 11–1–2021 എന്നീ തീയതികളിൽ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പരീക്ഷാ ഫീസ്

കേരള സർലകലാശാല 2021 ഫെബ്രുവരി മാസം 19 ന് ആരംഭിക്കുന്ന അവസാന വർഷ ബി. ഫാം. സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ 30–12–2020 വരെയും 150 രൂപ പിഴയോടുകൂടി 5–1–2021 വരെയും 400 രൂപ പിഴയോടുകൂടി 7–1–2021 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

## പരീക്ഷാ ഫലം/പരീക്ഷാ ഫീസ്

സെപ്റ്റംബർ 2020 ൽ നടന്ന ബി.എസ്.,സി. ആന്വൽ സ്കീം പാർട്ട് I, II and III സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 23–01–2021 വരെ അപേക്ഷിക്കാവുന്നതാണ്. ജൂലൈ 2020 സെഷനിലെ Part I &II പരീക്ഷയ്ക്ക് ഫൈനില്ലാതെ 04–01–2021 വരെ, 150 രൂപ ഫൈനോടുകൂടി 07–01–2021 വരെ, 400 രൂപ ഫൈനോടുകൂടി 11–01–2021 വരെയും അപേക്ഷിക്കാവുന്നതാണ്.

സെപ്റ്റംബർ 2020 ൽ നടത്തിയ ബി.എ. ആന്വൽ ബിരുദ സപ്ലിമെന്ററി പാർട്ട് I & II സെപ്തംബർ 2019 സെഷൻ പരീക്ഷകളുടെ ഫലം യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർത്ഥികൾ ഓൺലൈനായി 2021 ജനുവരി മാസം 4–ാം തീയതി വരെയും, ഓഫ്ലൈൻ വിദ്യാർത്ഥികൾ ഫീസടച്ച് നിർദ്ദിഷ്ട അപാക്ഷാഫാറത്തിൽ 2021 ജനുവരി മാസം 23–ാം തീയതി വരെയും, അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ വിദ്യാർത്ഥികളുടെ കരട് മാർക്ക് ലിസ്റ്റ് യൂണിവേഴ്സി വെബ്സൈറ്റിൽ ലഭ്യമാണ്. സപ്ലിമെന്ററി വിദ്യാർത്ഥികൾ, ജൂലൈ 2020 സെഷൻ പരീക്ഷയ്ക്ക് പിഴയില്ലാതെ 04–01–2021 വരെ, 150 രൂപ ഫൈനോടുകൂടി 07–01–2021 വരെ, 400 രൂപ ഫൈനോടുകൂടി 11–01–2021 വരെയും ഓൺലൈൻ ഓഫ്ലൈനായി അപേക്ഷിക്കാവുന്നതാണ്.

## പരീക്ഷാ ഫലം

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഹിന്ദി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ (വേദാന്ത ന്യായ, വ്യാകരണ, സാഹിത്യ & ജ്യോതിഷ) എം.എ ഹിസ്റ്ററി, എം.എ പൊളിട്ടിക്കൽ സയൻസ്, എം.എസ്. ഡബ്ല്യൂ സോഷ്യൽ വർക്ക് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

ജൂലൈ 2020 ൽ നടത്തിയ നാലാം സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷമപരിശോധനയ്ക്ക് 8-1-2021 വരെ അപേക്ഷിക്കാവുന്നതാണ്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം വിദ്യാരത്ഥിക ളുടെ മൂന്നാം സെമസ്റ്റർ റഗുലർ ബിടെക്ക് പരീക്ഷ- ജനുവരി 2020 ന്റെ ഫലം പ്രസിദ്ദീകിരച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 04-01-2021 വരെ ഓൺലൈൻ ആയി അപേ ക്ഷിക്കാവുന്നതാണ്.

## സീറ്റുകൾ ഒഴിവുണ്ട്

ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഉഠട) കോഴ്സിന് എസ്.സി/ എസ്. ടി ഉൾപ്പടെ ഏതാനം സീറ്റുകൾ ഒഴിവുണ്ട്. ഐച്ഛിക വിഷയത്തിൽ 50 ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ മാർക്ക് ലിസ്റ്റിന്റെയും സർട്ടിഫിക്കറ്റിന്റെ പകർപ്പുകളുമായി 2021 ജനുവരി 5ാം തീയതി രാവിലെ 11 മണിക്ക് സെന്റർ ഫോർ ട്രാൻസ്ലേഷൻ സ്റ്റഡീസിൽ ഹാജരാകുക കൂടുതൽ. വിവരങ്ങൾക്ക് 9349439544.

## പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ

കേരള സർലകലാശാലയിൽ നിന്നും യു.ജിയസി. സ്കീമിൽ പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരും ഫാമിലി പെൻഷൻകാരും പെൻഷൻ പരിഷ്കരണത്തിനുള്ള അപേക്ഷ ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവന്തപുരം എന്ന മേൽവിലാസത്തിൽ തപാൽ മാർഗം നൽകേണ്ടതാണ്. അപേക്ഷയുടെ മാതൃക www.kufinance.info എന്ന വെബ്സൈറ്റിൽ

## ഹോസ്റ്റൽ പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിലെ ഒന്നാം വർഷ പി.ജി. വിദ്യാർത്ഥികൾക്ക് കാര്യവട്ടത്തെ സർവകലാശാല പുരുഷ വനിതാ ഹോസ്റ്റലുകളിലേക്കും വനിതാ ഹോസ്റ്റൽ, തൈക്കാടിലേക്കും, സർവകലാശാലയുടെ കീഴിലുള്ള വിവധ കോളേജുകളിലെ യു.ജി. വിദ്യാർത്ഥിനികൾക്ക വനിതാ ഹോസ്റ്റൽ, തൈക്കാടിലേക്കും പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചു കൊള്ളുന്നു. ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി 31-12-2020 വരെ സമർപ്പിക്കാവു ന്നതാണ്.

തിരുവനന്തപുരം.
24.12.2020

പബ്ലിക് റിലേഷൻസ് ഓഫീസർ